## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### ചമ്പക്കുളം ബ്ലോക്കിൽ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം അനുവദിച്ച തുക

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2999

20.06.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

ചോദ്യം. | ഉത്തരം.

| | | | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ വെളിയനാട്, ചമ്പക്കുളം ബ്ലോക്കിൽ എത്രപേർക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഐ.എ.വൈ. പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05-03-2014-ലെ സ.ഉ.(സായാ) നം. 662/14/തസ്വഭവ പ്രകാരം ഇന്ദിര ആവാസ് യോജന അക്കൗണ്ടിൽ ചെലവഴിക്കാതെ കിടന്ന കേന്ദ്ര സംസ്ഥാന ഫണ്ടും, പ്ലാൻ ഫണ്ടുംകൂടി ക്രമീകരിച്ച് ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ പൂർണ്ണമായും ചമ്പക്കുളം ബ്ലോക്ക് നൽകുന്നുണ്ട്.<br>സംസ്ഥാന വിഹിതമായി ലഭിക്കേണ്ടിയിരുന്ന 50,000/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിനത്തിൽ വകയിരുത്തി ഗുണഭോക്താക്കൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

ചമ്പക്കുളം ബ്ലോക്കിൽ 2012-13 സാമ്പത്തിക വർഷത്തിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതിയിൽ 266 ഗുണഭോക്താക്കൾക്കായി 2,55,45,625/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിവരം ചുവടെ സമർപ്പിക്കുന്നു.

| അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ആകെ തുക |
|---|---|---|
| 22,500 | 27 | 6,07,500 |
| 48500 | 54 | 26,19,000 |
| 70,000 | 37 | 25,90,000 |
| 1,05,875 | 39 | 41,29,125 |
| 1,25,000 | 48 | 60,00,000 |
| 1,50,000 | 43 | 64,50,000 |
| 1,75,000 | 18 | 31,50,000 |
| ആകെ | 266 | 2,55,45,625 |

വെളിയനാട് ബ്ലോക്ക് പഞ്ചായത്തിൽ 2012-13 വർഷത്തിൽ ഇന്ദിര ആവാസ് യോജന പദ്ധതിയിൽ 193 ഗുണഭോക്താക്കൾക്കായി 2,98,39,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ആകെ തുക |
|---|---|---|
| 180000 | 89 | 1,60,20,000 |
| 160000 | 54 | 86,40,000 |
| 150000 | 18 | 27,00,000 |
| 125000 | 8 | 10,00,000 |
| 100000 | 6 | 6,00,000 |
| 75000 | 7 | 5,25,000 |
| 50000 | 4 | 2,00,000 |
| 22000 | 7 | 1,54,000 |
| ആകെ | 193 | 2,98,39,000 |

സെക്ഷൻ ഓഫീസർ